## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 415** 12.06.2012-ൽ മറുപടിക്ക്.

## മോണോ റെയിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ.സി.പി. മുഹമ്മദ്:<br>ശ്രീ.ഐ.സി ബാലകൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | തലസ്ഥാനത്ത് മോണോറെയിൽ നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | തിരുവനന്തപുരം മോണോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷനേയും സാദ്ധ്യതാ പഠനത്തിനും റിപ്പോർട്ടിനുമായി നാറ്റ്പാകിനേയും നിയമിച്ചു. പിന്നീട് പ്രോജക്റ്റ് കൺസൽട്ടന്റായി ഡൽഹി മെട്രോ റയിൽ കോർപ്പറേഷനെയും (DMRC) നിയമിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സാദ്ധ്യതാ പഠന റിപ്പോർട്ടിലെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) | സാദ്ധ്യതാപഠന റിപ്പോർട്ട് അനുസരിച്ച് പള്ളിപ്പുറത്ത് നിർദ്ദിഷ്ട ടെക്നോസിറ്റി മുതൽ നെയ്യാറ്റിൻകര വരെയുള്ള ദേശീയപാതയിൽ 41.8 കി.മി ദൂരമാണ് മോണോറെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്. പള്ളിപ്പുറം മുതൽ തമ്പാനൂർ വരെയുള്ള 22.2 കി.മി ദൂരമാണ് ഒന്നാം ഘട്ടമായി |

| | | | |
|---|---|---|---|
| | | | നിർമ്മാണം നിർവ്വഹിക്കുന്നത്. പള്ളിപ്പുറം മുതൽ തമ്പാനൂർ വരെയുള്ള അലൈൻമെന്റിൽ 19 സ്റ്റേഷനുകൾ ഉണ്ടാകും. ഒരു കി.മി. ന് 125 കോടി രൂപ നിരക്കിൽ ഒന്നാമത്തെ ഘട്ടത്തിന്റെ നിർമ്മാണ ചെലവ് 2775 കോടി രൂപയാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.<br>ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2013- ൽ ആരംഭിച്ച് 2016 ജനുവരിയിൽ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br>തമ്പാനൂർ മുതൽ നെയ്യാറ്റിൻകര വരെയുള്ള 19.6 കി.മി. ദൈർഘ്യമാണ് രണ്ടാം ഘട്ടമായി നിർമ്മാണം നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ദേശീയ പാതയുടെ മധ്യത്തിൽ കൂടിയുള്ള ഈ അലൈൻമെന്റിൽ 16 സ്റ്റേഷനുകൾ ഉണ്ടാകും. ഒരു കിലോമീറ്ററിന് 118.7 കോടി രൂപ ചെലവിൽ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ ചെലവ് 2324 കോടി രൂപയാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2015 - ൽ ആരംഭിച്ച് 2018 ജനുവരിയിൽ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം മോണോറെയിൽ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക 5099 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു. 0.80 കി.മി മുതൽ 1.5 കി.മി വരെ അകലങ്ങളിൽ 35 സ്റ്റേഷനുകൾ ഉണ്ടാകും. |

| | | | |
|---|---|---|---|
| | | | **ഒന്നാം ഘട്ടം**<br>പള്ളിപ്പുറം (ടെക്നോസിറ്റി) - കഴക്കൂട്ടം- ഉള്ളൂർ - കേശവദാസപുരം- പട്ടം- എൽ.എം.എസ്- പാളയം -സ്റ്റാച്യു- ഓവർ ബ്രിഡ്ജ് - തമ്പാനൂർ.<br>**രണ്ടാം ഘട്ടം**<br>തമ്പാനൂർ- കിള്ളിപ്പാലം - കരമന- പാപ്പനംകോട് - ബാലരാമപുരം - നെയ്യാറ്റിൻകര.<br>നാറ്റ്പാക് നടത്തിയ സാദ്ധ്യതാപഠനത്തിന്റെ റിപ്പോർട്ടിൻ പ്രകാരം ടി പദ്ധതി ചെലവ് ചുരുക്കിക്കൊണ്ട് സാങ്കേതികമായും ധനപരമായും പ്രായോഗികമാണ് എന്ന് പറഞ്ഞിട്ടുണ്ട്. |
| (ഡി) | ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) | 21.5.2012-ലെ സ.ഉ (എം.എസ്) നം.28/2012/ഗത നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെ (ഡി.എം.ആർ.സി) പ്രോജക്റ്റ് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ